LIBRARY ARCHIVES Kerala Legislative Assembly

പുതുക്കിയ നദീജല കരാർ

62 [780] ശ്രീ. കെ. മുഹമ്മദാലി:
,, ടി. എൻ. പ്രതാപൻ:
,, ഇ. എം. അഗസ്തി:
,, എം. എ. ചന്ദ്രശേഖരൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷോളയാർ പദ്ധതിപ്രദേശത്ത് തമിഴ്നാട് ആവശ്യമായ വെള്ളം നൽകാത്തതുമൂലം വൈദ്യുതിയുൽപ്പാദനത്തിൽ സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം നികത്തിത്തരണമെന്ന് സംസ്ഥാനം തമിഴ്നാടിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്; ഇക്കാര്യം സംബന്ധിച്ച തമിഴ്നാടിന്റെ നിലപാടെന്തായിരുന്നു;

(സി) ഈ നിലപാട് മന്ത്രിതല ചർച്ചയിൽ സംസ്ഥാനം അംഗീകരിച്ചുവോ; എങ്കിൽ എന്തടിസ്ഥാനത്തിൽ;

(ഡി) ഒറിജിനൽ കരാറിൽ ഇല്ലാത്ത സംഗതി കരാർ പുതുക്കുമ്പോൾ പുതിയ വ്യവസ്ഥയായി അംഗീകരിക്കുന്നതിൽ അപാകത ഉണ്ടോയെന്ന് വിശദമാക്കുമോ;

(ഇ) അച്ചുതമേനോൻ മന്ത്രിസഭയുടെ കാലത്ത് കരാർ പുതുക്കിയപ്പോൾ ഒറിജിനൽ കരാറിൽ ഇല്ലാതിരുന്ന എന്തെല്ലാം ആനുകൂല്യങ്ങൾ തമിഴ്നാടിന് നൽകി;

(എഫ്) ഒറിജിനൽ കരാറിൽ ഇല്ലാത്ത കാര്യം കരാർ പുതുക്കുമ്പോൾ ചേർക്കാൻ സാദ്ധ്യമല്ലെങ്കിൽ അച്ചുതമേനോൻ മന്ത്രിസഭയുടെ കാലത്ത് കരാർ പുതുക്കിയപ്പോൾ പുതിയ ആനുകൂല്യങ്ങൾ തമിഴ്നാടിന് നൽകിയത് എപ്രകാരമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള ഷോളയാർ ജലസംഭരണിയിൽ നിശ്ചിത ജലനിരപ്പ് തമിഴ്നാട് നിലനിർത്താത്തതുകാരണം 1970-2001 കാലയളവിൽ കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനുണ്ടായ 676 ലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദന നഷ്ടം നികത്തിത്തരണമെന്ന് തമിഴ്നാടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 2001-02, 2002-03 വർഷങ്ങളിലായി തമിഴ്നാട് കേരള ഷോളയാറിൽ 4.739 ടി.എം.സി. അടി ജലം കുടിശ്ശിക വരുത്തിയിട്ടുണ്ട്. ഇക്കാര്യം ജോയിന്റ് വാട്ടർ റഗുലേഷൻ ബോർഡ് യോഗത്തിലും കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള സാങ്കേതിക സമിതി യോഗത്തിലും അന്തർ സംസ്ഥാന മന്ത്രിതല ചർച്ചയിലും ഉന്നയിച്ചിട്ടുണ്ട്. ഷോളയാർ ജലസംഭരണിയിലെ ജലത്തിന്റെ ഉപഭോഗവും സമയബന്ധിതമായി വിലയിരുത്തുന്നതിന് തമിഴ്നാട് പൊതുമരാമത്ത് വകുപ്പും കേരള സംസ്ഥാന വൈദ്യുതി ബോർഡും തമ്മിൽ ആഴ്ചതോറും മോണിട്ടറിംഗ് ഏർപ്പെടുത്തി ഫലപ്രദമായ ഒരു ജലമാനേജ്മെന്റ് വേണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. ഷോളയാർ നദീതടത്തിൽ കരാറിൽ ഏർപ്പെട്ട സമയത്ത് പ്രതീക്ഷിച്ചതിൽ അധികം ജലം

ലഭിക്കുന്നതിനാൽ അധികജലം ആനുപാതികമായി പങ്കുവയ്ക്കണമെന്നും കരാർ വ്യവസ്ഥകൾ ലംഘിച്ചാൽ പിഴ ഈടാക്കുന്നതിനുള്ള വ്യവസ്ഥ കരാറിൽ ഉൾക്കൊള്ളിക്കണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

ജല മാനേജ്മെന്റ് സമ്പ്രദായം വേണമെന്ന ആവശ്യം തമിഴ്നാട് അംഗീകരിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ വരുത്തിയ വെള്ളത്തിന്റെ കുടിശ്ശിക ജലലഭ്യത അനുസരിച്ച് വരുംവർഷങ്ങളിൽ നികത്താമെന്നും തമിഴ്നാട് സമ്മതിച്ചിട്ടുണ്ട്. കേരള ഷോളയാറിൽ നിശ്ചിത ജലനിരപ്പ് പാലിക്കാത്തത് കാരണം കേരളത്തിന് വൈദ്യുതി നഷ്ടം ഉണ്ടായിയെന്ന വാദം തമിഴ്നാട് പൂർണ്ണമായും അംഗീകരിച്ചിട്ടില്ല. ഇക്കാര്യം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഇരു സംസ്ഥാനങ്ങളിലെയും രണ്ട് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർ വീതമടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ മറ്റ് ആവശ്യങ്ങളോട് തമിഴ്നാട് അനുകൂലമായി ഇതുവരെ പ്രതികരിച്ചിട്ടില്ല.

(സി) ഇല്ല.

(ഡി) അപാകതയില്ല. കരാർ പുതുക്കുന്നതിന്റെയും പുനരവലോകനം ചെയ്യുന്നതിന്റെയും ഒരു ഉദ്ദേശ്യം അതാണ്.

(ഇ) നിലവിലുള്ള പറമ്പിക്കുളം-ആളിയാർ കരാർ ഒപ്പുവച്ചത് അച്ചുതമേനോൻ മന്ത്രിസഭയുടെ കാലത്ത് 29-5-1970-ൽ ആയിരുന്നു. എന്നാൽ ജലത്തിന്റെ ഓഹരി സംബന്ധിച്ച് 9-11-1958-ലും 4-7-1960-ലും 10-5-1969-ലും മുഖ്യമന്ത്രിതലത്തിൽ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ മുൻകൂട്ടി നിശ്ചയിച്ചിരുന്ന പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ നിയമവകുപ്പുകളുടെ പരിശോധനയ്ക്കുശേഷം ഇരു സംസ്ഥാനങ്ങളിലെയും സെക്രട്ടറിമാർ അതിന്റെ നിയമവിധേയമായ പൂർണ്ണരൂപത്തിൽ ഒപ്പിടുക മാത്രമാണ് 29-5-1970-ൽ ചെയ്തത്. ഈ സമയത്ത് പുതിയതായി എന്തെങ്കിലും ആനുകൂല്യങ്ങൾ തമിഴ്നാടിന് നൽകിയതായി അറിവില്ല.

(എഫ്) 'ഡി' പിരിവിന് നൽകിയ മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ജലവൈദ്യുത പദ്ധതി നിർമ്മാണം

63 [781] ശ്രീ. എ. പി. അനിൽ കുമാർ:
,, വി. ഡി. സതീശൻ:
,, കെ. ബാബു:
,, ടി. എൻ പ്രതാപൻ:
,, എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ നദീജല കരാറനുസരിച്ച് തമിഴ്നാടിന് എവിടെയെല്ലാം ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കാനാണ് അനുമതിയുള്ളത്;

(ബി) ഇവ കൂടാതെ പ്രസ്തുത നദീജലമുപയോഗിച്ച് തമിഴ്നാട് മറ്റെവിടെയെല്ലാം ജലവൈദ്യുത പദ്ധതികൾ നിർമ്മിച്ചിട്ടുള്ളതായി അറിവുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly